# കർത്താവിൽ ജയാളി

## 1 കൊരിന്ത്യർ 15:57

**നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം**

ലോക ജീവിതം, ജയിക്കുക അഥവാ 'കീഴടക്കുക' എന്ന ലക്ഷ്യത്തോടു കൂടെയുളള ഒരു ഓട്ടം ആണ്. അല്ലെങ്കിൽ മറ്റൊരു ലക്ഷ്യത്തിലേക്ക് ജയം ആഗ്രഹിച്ചു കൊണ്ടുളള ഒരു യാത്ര. അങ്ങനെയെങ്കിൽ 'വിജയം' എന്ന പദം ഏതു മനുഷ്യന്റെയും ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്നതായ ഒരു 'ഭാവം' ആണെന്ന് നമുക്ക് മനസ്സിലാക്കാം. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം." ഇവിടെ ദൈവവചനം സുനിശ്ചയമായും ജയം കൽപ്പിക്കുന്നു. ഒരു വിജയം കൈവരിക്കണമെങ്കിൽ അതിന്റെ പിറകിൽ ദീർഘമായ ഒരു പ്രയത്നത്തിന്റെ ആവശ്യകതയുണ്ട്. അതെ, അദ്ധ്വാനഫലം ജയത്തിലേക്കെത്തിക്കുന്നു. ഒരു തോൽവി സംഭവിച്ചാലും ഞാൻ ജയിക്കും എന്നുളള ദൃഢചിന്ത മനുഷ്യനെ അതിനായി പ്രയത്നിക്കാൻ പ്രേരിപ്പിക്കുന്നു, ക്രിസ്തുവുമായ ബന്ധത്തിൽ അവനുമായുളള നിരന്തര ജീവിതത്തിൽ എന്താണ് 'ജയം'. വിജയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പോരാട്ടം, യുദ്ധം, എന്നീ പദങ്ങളൊക്കെ നമ്മുടെ ആലോചനയിൽ കടന്നു വരും. എന്നാൽ ഈ പോരാട്ടത്തിലും എനിക്ക് അന്തിമമായ ഒരു ജയം ഉണ്ട് എന്നുളള ഹൃദയത്തിന്റെ ദൃഢചിന്ത അഥവാ വിശ്വാസം ലക്ഷ്യത്തിലേക്ക് വഴി നടത്തും. അതെ, ആദ്ധ്വാനഫലം ഒരുവനെ ജയത്തിലെത്തിക്കുമെന്ന് നാം കണ്ടതു പോലെ ഈ വിശ്വാസം അന്തിമവും, നിത്യവുമായ ജയജിവിതത്തിൽ നില്പാൻ വിശ്വാസിക്ക് കൃപ നൽകുന്നു. ക്രീസ്തിയ ജീവിതം പോരാട്ടമാണെന്ന് നാം കണ്ടുവല്ലോ. ദൈവം നമുക്ക് ദാനമായി വാഗ്ദത്തം ചെയ്തിരിക്കുന്ന 'രക്ഷ' സ്വീകരിക്കുക എന്നുളളതാണ് അതിപ്രധാനമായ കാര്യം. ഈ രക്ഷയുടെ പ്രവർത്തന പരിപാടിയിൽ നാം പ്രവേശിക്കുമ്പോഴത്രേ പോരാട്ടത്തെ ശക്തിയോടെ അഭിമുഖികരിക്കാൻ സാധിക്കുന്നത്. എഫേസ്യർ 6:11 ൽ നാം വായിക്കുന്നതു "പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നിൽപ്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ" ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ പിശാച് കൊണ്ടുവരുന്ന തന്ത്രങ്ങളാണ് അവന്റെ പോരാട്ടങ്ങൾ അഥവാ യുദ്ധം. ഈ യുദ്ധം ലോകചരിത്രത്തിൽ നടക്കുന്ന യുദ്ധങ്ങളേക്കാൾ ഭയങ്കരവും ഗുരുതരവുമായ പോർക്കളം ആകാം.

എന്നാൽ നമ്മുടെ ഉള്ളിൽ നടക്കുന്ന പോരാട്ടങ്ങളെ തിരിച്ചറിഞ്ഞ് അതിനെതിരെ പോരാടുമ്പോൾ ദൈവിക ജീവൻ പ്രാപിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ എന്നാണ്. ശക്തിപ്പെടുവാൻ ആഹ്വാനം നൽകിയതിനു ശേഷമാണ് പോരാട്ടങ്ങളെക്കുറിച്ച് ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ലോകത്തെ സ്നേഹിക്കരുതെന്ന് യേശു നമ്മോട് കൽപ്പിച്ചിരിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തിലുണ്ടാകുന്ന യുദ്ധം, ''ലോകം, ജഡം, പിശാച്'' എന്നീ മൂന്ന് ദോഷശക്തികളെ കാണിക്കുന്നു. എന്നാൽ ഈ ദോഷശക്തികളെക്കുറിച്ചുള്ള ജ്ഞാനം ദൈവവചനത്തിന്റെ ശക്തിയാൽ വിശ്വാസിക്ക് ലഭിക്കുന്നു. ലോകസുഖം അതിന്റെ ഭംഗിയും, പ്രതാപവും, മഹത്വവും കൊണ്ട് ഒരുവനെ ആഗ്രഹിപ്പിക്കുന്നു. ആത് ഹവ്വായ്ക്കു വന്ന വീഴ്ചപോലെ അഥവാ ദേമാസ് ലോകത്തെ സ്നേഹിച്ചപ്പോൾ പൗലോസിനെ വിട്ടു പോയതു പോലെയോ ആകാം. പാപത്തിൽ മുഴുകി ജീവിക്കുന്നവർ മാത്രമല്ല ലോകമയത്തിലേക്ക് വീണു പോകുന്നത് ഒരുവൻ സൻമാർഗ്ഗിയോ, സൽസ്വഭാവിയോ ആകട്ടെ താൽക്കാലികവും വസ്തുമയവുമായ കാര്യങ്ങളെ സ്നേഹിച്ചു പുറകെ പോയാൽ അവൻ ലോകസ്നേഹത്തിന്മേൽ വിജയം ആഗ്രഹിക്കുന്നവനാണ്. ലൂക്കോസ് 12:16 ൽ ധനവാനായോരു മനുഷ്യനെ കാണിച്ചു തരുന്നു. അവൻ ദുർമാർഗ്ഗിയോ, പാപിയോ ആണെന്ന് പറഞ്ഞിട്ടില്ല. എന്നാൽ വെറും താൽക്കാലികവും, വസ്തുമയവുമായതിനെ സ്നേഹിച്ചാൽ ദൈവിക ഹിതത്തെയും ആലോചനയെയും തിരിച്ചറിയാൻ കഴിയാതെ ദൈവത്തെ അവഗണിക്കുകയാണെന്നു മാത്രമേ നമുക്ക് വിചാരിപ്പാൻ ന്യായമുള്ളു.

ജഡം, ലോകം, പിശാച് എന്നീ മൂന്നു ശക്തികളുടെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിച്ചിരിക്കുന്ന ജയജീവിതത്തിലേക്ക് നമുക്ക് ദിനവും പോരാടാം. ലോകം നോക്കുമ്പോൾ അവൻ ഒരു പരാജിതനോ, രോഗിയോ, ബലഹീനനോ, ദരിദ്രനോ ഒക്കെ ആകാം. തന്റെ ഉള്ളിലുള്ള ശക്തിയെന്ത് എന്ന് തിരിച്ചറിഞ്ഞ് ദൈവഹിതത്തിന് പൂർണ്ണമായി ഏൽപ്പിച്ചുകൊടുത്തു കൊണ്ട് ദിനം തോറും ജിവിക്കാൻ കഴിഞ്ഞാൽ അതു മാത്രമാണ് ദൈവപൈതലേ ഈ ലോകത്തിലെ ''ജയ ജീവിതം'' ഓരോ പോരാട്ടങ്ങളും ക്രിസ്തുവിനും അവന്റെ നാമമഹത്വത്തിനും വേണ്ടി ആയിതീരുമ്പോൾ അത് അന്തിമമായ ജയത്തിലേക്ക് എത്തിക്കും. എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിൽ നാം കാണുന്നതു പോലെ വിശ്വാസത്താൽ ദൈവിക ശക്തിയിൽ ഉറച്ച് നിന്ന് പോരാടിയ സകലരും ജയം പ്രാപിച്ചു. ചിലർക്ക് അവരുടെ കൺ മുൻപിൽ തന്നെ വിജയം കാണാൻ സാധിച്ചു. മറ്റു ചിലർക്ക് സാധിച്ചില്ലതാനും. ക്രിസ്തുവിലൂടെയുള്ള അന്തിമ ജയം എല്ലാവരും പ്രാപിച്ചു. അതുകൊണ്ട് പലവിധ ഭാരങ്ങളാലും പ്രശ്നങ്ങളാലും വലയുന്ന ഓരോരുത്തരെയും, ലോകം നിന്ദിച്ചാലും, പരിഹസിച്ചാലും

നമ്മെ ഒരു പരാജിതനെന്ന് മുദ്ര കുത്തിയാലും, എന്തിനുവേണ്ടി ഉറച്ചു നിൽക്കുന്നുവെന്നും, ദൈവഹിത പ്രകാരമുള്ള ജിവിത്തിനു വേണ്ടിയുള്ള ഓട്ടം ആണ് ഇതെന്നുള്ള ദൃഢ ചിന്ത നമ്മെ ശക്തിപ്പെടുത്തിയാൽ ''തീർച്ചയായും അധ്വാനഫലം വിജയത്തിലെത്തിക്കും.'' അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവായ യേശു ക്രിസ്തു മുഖാന്തരം ജയം നൽകുന്ന ദൈവത്തിന് ഒരു ജയാളിയെപ്പോലെ തന്നെ നിരന്തരം സ്തോത്രം ചെയ്യ്ത് ജീവിക്കാം.

**പരാമർശം :**

1 ശമുവേൽ 2:9

തന്റെ വിശുദ്ധന്മാരുടെ കാലുകളെ അവൻ കാക്കുന്നു; ദുഷ്ടന്മാർ അന്ധകാരത്തിൽ മിണ്ടാതെയാകുന്നു; സ്വശക്തിയാൽ ഒരുത്തനും ജയിക്കയില്ല.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 005**